20

1B2A23075 (Pages : 3) Reg. No:.............................

Name: .............................

FARROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA/B.Sc Degree Examination, April 2023**

**BML2A08(1) – MalayalaSahithyam - 2**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരംഎഴുതുക. 2 മാർക്ക് വീതം . മുഴുവൻ ചോദ്യങ്ങൾക്കും ഉത്തരം എഴുതാം. പരമാവധി 25 മാർക്ക്**

1. ദിവാകരൻ ചിരതപസ്വിയാണെന്ന് തിരിച്ചറിയാൻ സഹായകമായ ശാരീരിക പ്രത്യേകതകൾ എന്തെല്ലാം?
2. സ്നേഹത്തെക്കുറിച്ച് സൂര്യകാന്തിയുടെ കാഴ്ചപ്പാട് എന്താണ്?
3. "അരുതരുതെനിക്കീരീതി": ഏതു രീതിയാണ് കവിക്ക് അസാധ്യമായി തോന്നുന്നത്?
4. കലോപാസകന്റെ ദരിദ്രാവസ്ഥയുടെ ആഴം വ്യക്തമാക്കുന്ന ഒരു സന്ദർഭം കവിതയിൽ നിന്ന് കണ്ടെത്തി എഴുതുക?
5. "ആരിത് കണ്ടിട്ടുള്ളവർ മുൻ,പിതു നമ്മുടെ നേട്ടം" : സന്ദർഭവും ആശയവും വ്യക്തമാക്കുക?
6. "അപ്പോൾ ഓർമ്മകൾ തിങ്ങി ഞെരുങ്ങിയ ആ ചുളിവുകൾ നിവർന്നു തുടങ്ങും:" എപ്പോൾ?
7. "ഇന്ന് പഴയ കുതിരകൾ മാറ്റുക. ഇന്ന് പുതിയ പാളങ്ങൾ വിരിക്കുക." സൂചിതം എന്തെന്ന് വ്യക്തമാക്കുക?
8. "കനകതാരമുണ്ടെൻ കർമ്മസാക്ഷിയായ്" ആര് ആരെക്കുറിച്ച് പറഞ്ഞ വാക്കുകളാണിത്?
9. ഭീഷ്മരെപ്പറ്റി അകൃതവ്രണൻ അംബയോട് എന്താണ് പറഞ്ഞത്?
10. കൽപ്പറ്റ നാരായണന്റെ അഭിപ്രായത്തിൽ സ്ത്രീകൾ അലങ്കാരപ്രിയരാവുന്നതിന്റെ കാരണം എന്താണ്?

11. ഇന്ത്യയിൽ നോവലിന്റെ പിറവിക്ക് കാരണമായത് ഏതെല്ലാം ഘടകങ്ങളാണ്?
12. "ദൈർഘ്യമല്ല ചെറുകഥയുടെ അളവു കോൽ."- എം എം ബഷീർ. എന്താണ് ആ അളവു കോൽ എന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്?
13. പ്രേമ നൈരാശ്യം കൊണ്ടല്ല ഇടപ്പള്ളി സ്വയം നശിപ്പിച്ചത് എന്നതിന് ഉദാഹരണമായി കെ പി അപ്പൻ ചൂണ്ടിക്കാട്ടുന്ന വരികളേവ?
14. അംബ ആശ്രമത്തിൽ നില്ക്കുന്നത് ഉചിതമല്ല എന്ന് സന്യാസിമാർക്ക് തോന്നാൻ കാരണമെന്ത്?
15. രാജലക്ഷ്മിയുടെയും ഇടപ്പള്ളിയുടെയും ആത്മഹത്യ സമാനസ്വഭാവമുള്ളതല്ല എന്നതിന് കെ പി അപ്പൻ ചൂണ്ടിക്കാണിക്കുന്ന കാരണങ്ങൾ എന്തെല്ലാം?

**100 വാക്കിൽ ഉത്തരം എഴുതുക. 5 മാർക്ക് വീതം. മുഴുവൻ ചോദ്യങ്ങൾക്കും ഉത്തരം എഴുതാം. പരമാവധി 35 മാർക്ക്**

16. "ഏകഹേതുബഹുകാര്യ കാരിയാം" : പാഠ സന്ദർഭത്തിന്റെ സഹായത്തോടെ ആശയം വിശദമാക്കുക.
17. 'പ്രശ്നം ഏതുമാകട്ടെ എങ്ങനെയെങ്കിലും പരിഹാരം കണ്ടെത്തുക എന്നു കരുതുന്നവരുടെ പ്രതിനിധിയാണ് സൂതകുമാരൻ.' ഈ അഭിപ്രായം യുക്തിസഹമാണോ എന്ന് പരിശോധിക്കുക.
18. സൂര്യകാന്തി എന്ന കവിതയുടെ പ്രതീകാത്മക തലം എത്രത്തോളം ഹൃദ്യമായിട്ടുണ്ട് എന്നു വിലയിരുത്തുക.
19. ഭാവനാ കുബേരനും ജീവിതത്തിൽ ദരിദ്രനുമായ കവിയെ ആവിഷ്കരിക്കുന്നതിൽ കലോപാസകൻ എന്ന കവിത എത്രത്തോളം വിജയിച്ചു എന്ന്പരിശോധിക്കുക.
20. നോവലിന്റെ വളർച്ചയെ സ്വാധീനിച്ച ഘടകങ്ങൾ ഏതെല്ലാം ആണെന്ന് വിശദീകരിക്കുക.
21. എം എം ബഷീറിന്റെ അഭിപ്രായത്തിൽ ചെറുകഥയെ നോവൽ,നീണ്ടകഥ എന്നീ സാഹിത്യരൂപങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത് എന്താണ്?

22. ഭീഷ്മരും പരശു രാമനും തമ്മിലുള്ള ഏറ്റുമുട്ടലിലേക്ക്കാര്യങ്ങൾ എത്തിക്കുന്നതിൽ അകൃത വ്രണൻ വഹിച്ച പങ്ക് വിശദമാക്കുക.
23. കാല്പനികവാദിയായ അന്യൻ എന്ന സങ്കല്പനം വിശദീകരിക്കുക. കെപി അപ്പന്റെ അഭിപ്രായത്തിൽ കാല്പനിക വാദിയായ അന്യനെ സൃഷ്ടിക്കുന്നത് എന്താണ്?

**രണ്ടു ചോദ്യങ്ങൾക്ക് 300 വാക്കിൽ ഉത്തരംഎഴുതുക. 10 മാർക്ക് വീതം.**

24. നളിനിയിലും സൂര്യകാന്തിയിലും ആവിഷ്കരിപ്പിക്കപ്പെടുന്ന പ്രണയത്തിന്റെ സവിശേഷതകൾ വിലയിരുത്തുക. ഇരു കവിതകളിലൂടെയും ആഖ്യാനഭാഷ എത്രത്തോളം ഉചിതമാണ് എന്ന് പരിശോധിക്കുക.
25. കുതിരക്കൊമ്പ്, പുത്തൻചൊല്ല് എന്നീ കവിതകൾക്ക് ആശയ പരമായോ രൂപപരമായോ സാധർമ്യം കണ്ടെത്താൻ കഴിയുമോ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.
26. ബാലാമണിയമ്മയുടെ കവിതകൾ സമകാലിക പുരുഷകവികൾക്കൊപ്പം പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതാണ് എന്ന കൽപ്പറ്റനാരായണന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനമെന്തന്ന് വിവരിക്കുക. ബാലാമണിയമ്മ അവഗണിക്കപ്പെട്ടതിന്റെ കാരണം ചൂണ്ടിക്കാട്ടുക.
27. കുട്ടികൃഷ്ണമാരാരുടെ അഭിപ്രായത്തിൽ അംബോപാഖ്യാനത്തിന്റെ ലക്ഷ്യം എന്താണ്? ഈ അഭിപ്രായം യുക്തിസഹമാണോ എന്ന്പരിശോധിക്കുക.

2

1B2A23076 (Pages : 2) Reg. No:.........................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BCOM/BBA Degree Examination, April 2023**

**BML2A08(2) – Malayala Sahithya Padanam - 2**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

**I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. അന്യഭാഷാബ്ധിയിലാണ്ടാണ്ടു മുങ്ങിയ ധന്യരോട് അവരുടെ വേല പാഴിലാണെന്ന് പറയാൻ കാരണമെന്ത്?
2. കേരള സംസ്ഥാന രൂപികരണത്തിനുശേഷം കേരളത്തിലെ മുസ്ലിംലീഗ് സ്വീകരിച്ച അടിസ്ഥാന രാഷ്ട്രീയ നയമെന്ത്?
3. സി.എച്ച്. മുഹമ്മദ് കോയയുടെ ആദ്യകാല രാഷ്ട്രീയ പ്രവർത്തനത്തിന് രൂപം നൽകിയ വ്യക്തികൾ ആരെല്ലാം?
4. ചിന്ത്വാഡായിലെ ആദിവാസികൾ കുന്നുകളോട് ചേർന്ന് വീടുവെച്ച് താമസിക്കാൻ കാരണമെന്ത്?
5. "മനസ്സാൽ ചെയ്യപ്പെട്ട പാപമേ ഗുരുതരം" - സൂചിതമെന്ത്?
6. "അലക്ഷ്യവർത്താവൃഷി മക്കളോടരുൾ ചെയ്താൻ" - എന്ത്?
7. ആതിരയെ സ്വീകരിക്കേണ്ടതെങ്ങനെയെന്നാണ് കവി പറയുന്നത്?
8. "രാവണപ്പെരുമാള്ക്ക് അടവില് തോല്മയില്ല". - ശൂർപ്പണഖ ഇങ്ങനെ ചിന്തിച്ചതെന്തുകൊണ്ട്?
9. ദുഷ്യന്തൻ മാഷ് ഹസ്തിനപുരി പ്രവിശ്യയുടെ ഭരണം ഏറ്റെടുത്തതെങ്ങനെ?
10. ബംഗ്ലാവിൽ നിന്നുള്ള മടക്കയാത്രയിൽ ഗീവറീത് അസ്വസ്ഥനാവാൻ കാരണമെന്ത്?
11. "കൊയ്തൊഴിഞ്ഞ പാടം പോലെ പരന്ന് ഫലശൂന്യമായ ഒരിടം" - സൂചിതമെന്ത്?
12. നാട്ടിൽ പോകാൻ ഒ.വി. വിജയൻ പ്രിൻസിപ്പലിനോട് പറഞ്ഞ കാരണമെന്ത്?
13. മമ്മ എന്ന പാവക്കുട്ടി നഷ്ടപ്പെടുന്നതിൽ സങ്കടപ്പെടുന്ന കമലയ്ക്ക് അമ്മമ്മ നൽകിയ ഉപദേശമെന്ത്?
14. "കാള പെറ്റൂന്ന് കേൾക്കുമ്പോഴേക്കും പാല് കറക്കാൻ മൊന്ത തിരഞ്ഞോ" - സാരസ്യമെന്ത്?
15. "സ്വന്തം മണ്ണിൽ ശവമായി കിടക്കുന്നതൊരന്തസ്സു തന്ന്യാ" - വിശദമാക്കുക.

(15 x 2 = 30 പരമാവധി മാർക്ക് 25)

## Section B

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

16. സ്വാതന്ത്ര്യ സമരത്തിന്റെ അവസാന കാലത്ത് മലബാറിലെ മാപ്പിളമാർ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും അകന്നു നിൽക്കാനിടയായ സാഹചര്യമെന്ത്?

17. മണ്ണിന്റെ സ്വാഭാവികശേഷി വീണ്ടെടുക്കാൻവേണ്ടി ബറൂളിലെ ഗ്രാമങ്ങളിൽ ദയാബായി സ്വീകരിച്ച മാർഗ്ഗങ്ങളെന്തെല്ലാം?

18. ''എതിർപ്പിന്റെ പ്രവാചകനാണ് രാവുണ്ണി'' - ശങ്കരൻ ഇങ്ങനെ പറയാൻ കാരണമെന്ത്?

19. ''മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ''
- വിശദമാക്കുക.

20. ''നന്മതിന്മകൾ നേരദയാരറിഞ്ഞിരിക്കുന്നു'' - ആശയം വിശദമാക്കുക.

21. കമ്മ്യൂണിസം ഇന്ത്യൻ സാഹചര്യങ്ങളിൽ പറിച്ചു നടുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ ഒ.വി. വിജയൻ വിലയിരുത്തുന്നതെങ്ങനെ?

22. ''മരണങ്ങളുടെ തമാശയിൽ ഹരം കണ്ടിരുന്ന ആ മനുഷ്യൻ കഴിയാവുന്നതും ആംബുലൻസിനു മുമ്പിൽ കയറിപ്പോകാതിരിക്കാൻ ഒക്കാത്തവിധം കാറോടിച്ചു.'' - കഥയുടെ പ്രമേയവുമായി ബന്ധപ്പെടുത്തി വിശദമാക്കുക.

23. അപാരമായ ശക്തിയും സൗന്ദര്യവും ആവാഹിക്കുന്ന കഥാപാത്രമാണ് 'തായ്കുല'ത്തിലെ ശൂർപ്പണഖ - പരിശോധിക്കുക.

(8 x 5 = 40 പരമാവധി മാർക്ക് 35)

## Section C

III. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. താൻ ജീവിച്ചിരുന്ന കാലഘട്ടത്തെ പരമാവധി പ്രയോജനപ്പെടുത്തിയ ഒരു യുഗസൃഷ്ടിയായ നേതാവായിരുന്നു സി.എച്ച്. മുഹമ്മദ്കോയ - ചർച്ച ചെയ്യുക.

25. സമകാല സാമൂഹികാവസ്ഥയോടുള്ള കടുത്ത അമർഷമാണ് പി.എം. താജിന്റെ ആക്ഷേപഹാസ്യ രചനകൾ. രാവുണ്ണി എന്ന നാടകത്തെ അടിസ്ഥാനമാക്കി പരിശോധിക്കുക.

26. ജീവിതത്തെ യാഥാർത്ഥ്യബോധത്തോടെ നിരൂപണം നടത്തുന്ന കാവ്യമാണ് 'സഫലമീയാത്ര' - വിശദമാക്കുക.

27. വർത്തമാന രാഷ്ട്രീയ-സാമൂഹിക വിഷയങ്ങളോടുള്ള പ്രതികരണവും വിമർശനവുമാണ് 'ദുഷ്യന്തൻ മാഷ്' എന്ന കഥ. - ചർച്ച ചെയ്യുക.

(2 x 10 = 20 മാർക്ക്)

1B2A23077 (Pages : 3) Reg. No:.........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BAMC/CS/BVOC/GOEOLOGY Degree Examination, April 2023**

**BML2A08(3) – Baashayum Sahithyavum -2**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

Section A

**I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം**

1. എൻമകജെ എന്ന സ്ഥലപ്പേരിന്റെ ഭാഷാർഥം എന്ത്?
2. 'വേറിട്ടകാഴ്ചകൾ' എന്ന പുസ്തകത്തിലെ ലേഖനങ്ങൾക്ക് ആധാരമായ ടെലിവിഷൻ പരിപാടി പ്രക്ഷേപണം ചെയ്തത് ഏത് ചാനലിൽ?
3. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ജീവിത സ്മരണകളുടെ സമാഹാരം ഏത്?
4. 'കാൻസറിനെ മുഖാമുഖം കണ്ട ഒരെഴുത്തുകാരിയുടെ അനുഭവങ്ങൾ' എന്ന തലക്കെട്ടോടെ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകം ഏത്?
5. എൻമകജെയിൽ ജനിക്കുന്ന കുഞ്ഞുങ്ങളുടെ അവസ്ഥയ്ക്കു കാരണം ഏതു ദേവന്റെ ശാപമാണെന്നാണ് നാട്ടുകാർ വിശ്വസിച്ചിരുന്നത്?
6. 'പയറുവള്ളികളിൽ ഇനി നമ്മളൊക്കെ' എന്ന കഥയിൽ' ഒരേ ജന്മത്തിലെ പല രൂപ പരിണാമങ്ങൾ" എന്ന് അമ്മ കരുതുന്നത് എന്തിനെക്കുറിച്ചാണ്.
7. 'വൻമരങ്ങൾ വീഴുമ്പോൾ' എന്ന ചെറുകഥയിലെ വൻമരം എന്ന വിശേഷണത്തിലെ സൂചന ആരാണ്?
8. 'ഒരു മനുഷ്യൻ' എന്ന കഥയിലെ നായകൻ താമസിക്കുന്നത് ഏത്നാട്ടിലാണ്?
9. 'എനിക്ക് സംശയമാണ്. അടിയിലെന്തെങ്കിലും കാണും!' ആരുടെ വാക്കുകൾ?
10. വൻ മരങ്ങൾ വീഴുമ്പോൾ എന്ന കഥ ആരുടെ ഓർമകളിലൂടെയാണ് ആഖ്യാനം ചെയ്യപ്പെടുന്നത്?

11. തറവാട്ടിലേക്ക്പോകുമ്പോൾ അച്ഛൻ ഉണ്ണിക്ക്കൊടുത്ത വാക്ക് എന്തായിരുന്നു?

12. സലിം അഹമ്മദിന് ദേശീയ, സംസ്ഥാന പുരസ്കാരങ്ങൾ നേടിക്കൊടുത്ത സിനിമ ഏത്?

13. വേറിട്ട കാഴ്ചകൾ എന്ന പുസ്തകത്തിനു സമാനമായി വി കെ ശ്രീരാമൻ രചിച്ച ജീവിത ചിത്രങ്ങളുടെ പേരെന്ത്?

14. ഏത് തമിഴ് സിനിമയുടെ അനൌൺസറായാണ്ബാലചന്ദ്രൻ ചുള്ളിക്കാട്കുട്ടിക്കാലത്ത്തെരുവുകളിലൂടെ അലഞ്ഞത്?

15. പള്ളിക്കൽ നാരായണനെയും കൂട്ടുകാരെയും ഗൾഫിലെത്തിച്ചത് ആര്?

**(15x2=30 പരമാവധിമാർക്ക്25)**

Section B

**II.ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക. അഞ്ച് മാർക്ക് വീതം**

16. 'ഞാനാ ആ നിസ്സാര സംഭവം ഇവിടെ പറയാം' എന്ന ആമുഖത്തോടെ ബഷീർ അവതരിപ്പിക്കുന്ന ഒരുമനുഷ്യൻ എന്ന കഥ അത്ര നിസ്സാരമല്ലാത്ത മനുഷ്യജീവിതത്തെ തുറന്നു കാണിക്കുന്നതെങ്ങനെ?

17. അമർജിത്തും മകൻജഗ്ഗിയും മഠത്തിൽ എത്തിച്ചേരാനിടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാം?

18. സ്വന്തം വീടിനെക്കുറിച്ചുള്ള പത്മിനിക്കുഞ്ഞമ്മയുടെ ഓർമകളെന്തെല്ലാം?

19. 'നൂലുപൊട്ടിയിട്ടും നൂലൊന്നും പൊട്ടിയില്ലല്ലോ' എന്ന് അമ്മ ഓർക്കാൻ കാരണമെന്ത്. ആ ആത്മഗതത്തിന്റെ സൂചനയെന്ത്?

20. നീലകണ്ഠൻ, ദേവയാനി എന്നീ കഥാപാത്രങ്ങളുടെ പൂർവകഥ വിശദമാക്കുക?

21. ഇനി ആർക്കും പടികളിലൂടെ കയറിപ്പോയി സത്യത്തിനു മുമ്പിൽ കുമ്പിടാനാവില്ല – നോവലിസ്റ്റ് ഇങ്ങനെ പറയാൻ കാരണമെന്ത്. എൻമകജെയിലെ സത്യപ്പടികളുടെ ചരിത്രവും സംസ്കാരവും വിശദമാക്കുക?

22. ഗൾഫിൽ എത്തിച്ചേരും മുമ്പ്കടലിലും മരുഭൂമിയിലും വെച്ച്നായകനും സുഹൃത്തുക്കളും നേരിടുന്ന അനുഭവങ്ങളെ പത്തേമാരി എന്ന തിരക്കഥയിൽ വിശദമാക്കുന്നത് എങ്ങിനെ?

23. സ്വന്തം കുടുംബത്തിനു വേണ്ടി മരുഭൂമിയിൽ ജീവിതം ഉരുക്കിക്കളഞ്ഞ ലക്ഷക്കണക്കിന്പ്രവാസികളുടെ പ്രതിനിധിയാണ്പള്ളിക്കൽ നാരായണൻ - വിശദമാക്കുക?

**(പരമാവധിമാർക്ക്35)**

Section C

**IIIഏതെങ്കിലും രണ്ടുചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 10 മാർക്കുവീതം.**

24. ഒരു രാഷ്ട്രീയ സന്ദർഭത്തെ ചെറുകഥാരചനയ്ക്ക് ഉപയോഗിക്കുന്നതിലെ മികച്ച ഉദാഹരണമാണ്' വൻമരങ്ങൾ വീഴുമ്പോൾ' എന്നകഥ. കഥയിലെ സൂചനകളും സംഭവങ്ങളും ഉദാഹരിച്ച്സമർഥിക്കുക

25. തങ്ങളെ ആശ്രയിച്ച്നാട്ടിൽ ജീവിക്കുന്ന ബന്ധുക്കൾക്ക് ഗൾഫുകാരോടുള്ള മനോഭാവം പത്തേമാരി എന്ന തിരക്കഥയിൽ ആവിഷ്കരിക്കുന്നത്ത്തീർത്തും ശരിയാണോ? – തിരക്കഥയെ വിശകലനം ചെയ്ത് സ്വാഭിപ്രായം സമർഥിക്കുക.

26. കേരളത്തിലെ നായർ കുടുംബ ബന്ധങ്ങളിൽ ആധുനികതയ്ക്കു ശേഷമുണ്ടായ ശൈഥില്യത്തെ മലയാള ചെറുകഥകൾ ശക്തമായ പ്രമേയമായി സ്വീകരിച്ചതിന്റെ തെളിവാണ്മൂന്നാമതൊരാൾ, പയറുവള്ളികളിൽ ഇനി നമ്മളൊക്കെ എന്നീ കഥകൾ - ഈ പ്രസ്താവനയെ വിമർശനാത്മകമായി പരിശോധിക്കുക.

27. അമിതലാഭം മോഹിച്ച്പരിസ്ഥിതിക്കുമേൽ അധികാരം നടത്തി പ്രകൃതിയെ കൊന്നുകൊണ്ടിരിക്കുന്നവർക്കെതിരെ ഭാഷ കൊണ്ടും സംസ്കാരം കൊണ്ടും ഒരു കൂട്ടം മനുഷ്യർ നടത്തുന്ന സമരത്തിന്റെ കഥയാണ് എൻമകജെ എന്ന നോവൽ - ഈ വിഷയത്തെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.

**(പരമാവധിമാർക്ക് 20)**

1B2A23078 (Pages : 2) Reg. No:........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Malayalam Degree Examination, April 2023**

**BML2B02 – Katha Sahithyam**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

## SECTION A

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (15 X 2 = 30, പരമാവധി മാർക്ക് 25 )**

1. നാല് ആദ്യകാല കഥാകൃത്തുക്കളുടെ പേരെഴുതുക.
2. 'നിസ്സഹായനായ ഒരു മനുഷ്യന്റെ ശബ്ദത്തോട് സാമ്യമുള്ള ശബ്ദപരമ്പരകൾ പുറപ്പെടുവിച്ചു.' ആരെക്കുറിച്ചുള്ള പരാമർശമാണിത്? സന്ദർഭം ഏത്?
3. 'ഉണ്ടെന്ന് എഴുതിയാലും ഇല്ലെന്ന് എഴുതിയാലും അർത്ഥം ഒന്നല്ലല്ലോ' ആര് ആരോട് പറയുന്ന വാക്കുകളാണ് ഇവ?
4. 'വല്ലവർക്കും വല്ല അല്ലലുമുണ്ടോ? ജീവിതം ഉല്ലാസകരം, ..... ' ആരെക്കുറിച്ചുള്ള വാചകമാണിത്?
5. സോഷ്യലിസ്റ്റ് റിയലിസത്തിൽനിന്നും കാവ്യാത്മക റിയലിസത്തിലേയ്ക്കുള്ള മലയാള ചെറുകഥയുടെ പരിണാമം അടയാളപ്പെടുത്തിയ രണ്ട് കഥാകൃത്തുക്കളുടെ പേരെഴുതുക.
6. 'ഞാൻ ഒരു കഥ പറഞ്ഞു തരട്ടെ? പറയണമെന്ന് പലപ്പോഴും വിചാരിച്ചതാണ്. പക്ഷേ കഴിഞ്ഞില്ല. ഇപ്പോൾ ....' സന്ദർഭം ഏത്?
7. 'അവൾക്ക് അതിൽനിന്നും ഒരിക്കലും പിന്നീട് പുറത്തു കടക്കേണ്ടിവന്നില്ല.' ആർക്ക്? എന്തുകൊണ്ട്?
8. 'ലോകാവസാനം' എന്ന പ്രസിദ്ധമായ കഥ രചിച്ചത് ആര്?
9. 'സഹാനുഭൂതി ഉറങ്ങുന്ന ശവകുടീരങ്ങൾ' സുചിതം എന്ത്?
10. 'ചോണ നുറുമ്പുകൾ പൊതിഞ്ഞു കിടക്കുന്ന മാവിൻ തടിയെ മാറോട് ചേർത്ത് കെട്ടിപ്പിടിച്ചു കൊണ്ടവൾ കരഞ്ഞു.' ആര്? സന്ദർഭം ഏത്?
11. 'തേൻ' എന്ന കഥയിൽ ദൈവത്തിന്റെ വീട് അവതരിപ്പിക്കുന്നതെങ്ങനെ?
12. യാത്രക്കിടയിൽകേട്ട പനമ്പട്ടകളുടെ ശബ്ദം വെള്ളായിയപ്പന് എപ്രകാരമാണ് അനുഭവപ്പെട്ടത്?
13. 'ഉണ്ണിക്കൃഷ്ണന്റെ തിരിച്ചറിവുകളെ ഏതു വെള്ളം കൊണ്ടാണ് തേച്ചു കഴുകിക്കളയുക?' തങ്കമണി ഇപ്രകാരം ചിന്തിച്ചതെപ്പോൾ?
14. സി.അയ്യപ്പന്റെ കഥകളുടെ പൊതുസവിശേഷത എന്ത്?
15. 'പ്രകൃതിക്ക് നന്ദി. ഈ ജലമേ സത്യമാകുന്നുള്ളൂ.' ആരുടെ വാക്കുകൾ? സന്ദർഭം ഏത്?

## SECTION B

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക. (8 x 5= 40, പരമാവധി മാർക്ക് 35)**

16. ആധുനികവും ശാസ്ത്രീയവുമായ ഒരു ലോകബോധത്തിലേക്ക് പൗരാണികമായ ഒരു സങ്കല്പത്തെ വേങ്ങയിൽ കുഞ്ഞിരാമൻ നായർ കൊണ്ടുവന്നത് എപ്രകാരമാണ്?

17. ശോകാത്മകമായ അനുഭവത്തെ നർമ്മത്തിൽ പൊതിഞ്ഞ് ആഖ്യാനം ചെയ്യുവാള്ള ബഷീറിന്റെ കഴിവ് 'ജന്മദിനം' എന്ന കഥയെ അടിസ്ഥാനമാക്കി പരിശോധിക്കുക.

18. കഥാന്ത്യത്തിൽ കടന്നുവരുന്ന മരണത്തിന്റെ സൂചനകൾ എപ്രകാരമാണ് 'പക്ഷിയുടെ മണം' എന്ന കഥയിൽ മാധവിക്കുട്ടി വരച്ചു ചേർക്കുന്നത്?

19. കാഠ്മണ്ഡുവിലേക്കുള്ള യാത്ര ഗൗരിയിൽ സൃഷ്ടിച്ച സമ്മിശ്ര വൈകാരികതകൾ ഏവ?

20. 'മലമുകളിലെ അബ്ദുള്ള' എന്ന കഥ മുൻപോട്ട് വയ്ക്കുന്ന സാമൂഹ്യവിമർശനമെന്ത്?

21. ഇന്നത്തെ സമൂഹം സ്ത്രീ ജീവിതത്തിന് ഒട്ടും അനുയോജ്യമല്ലെന്ന് 'തേൻ' എന്ന കഥ പ്രസ്താവിക്കുന്നത് എപ്രകാരമാണ്?

22. നീർച്ചാലുകൾ തേടിയുള്ള ഉണ്ണികൃഷ്ണന്റെ യാത്രകളെക്കുറിച്ചുണ്ടായ വ്യത്യസ്തമായ അഭിപ്രായങ്ങൾ ഏവ?

23. ഇറച്ചിഭേയറ് എന്നാൽ എന്താണ് ?

## SECTION C

**III. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**(2 x 10 = 20 മാർക്ക്)**

24. മലയാളത്തിലെ ആദ്യകാല ചെറുകഥാകൃത്തുക്കളെ പരിചയപ്പെടുത്തി,ആദ്യകാല ചെറുകഥയുടെ സ്വഭാവസവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.

25. ആർദ്രവും പക്വവുമായ പ്രണയമാണ് 'ഗൗരി' എന്ന കഥയുടെ പ്രമേയ പരിസരം. വിശദീകരിക്കുക.

26. സ്ത്രീസ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ ആവിഷ്കാരമായി 'മലമുകളിലെ അബ്ദുള്ള' എന്ന കഥയെ നിരീക്ഷിക്കാമോ? സ്വാഭിപ്രായം വ്യക്തമാക്കുക.

27. 'നിലാവ് അറിയുന്നു' എന്ന കഥ മുൻപോട്ടു വയ്ക്കുന്ന പാരിസ്ഥിതിക പാഠം എന്ത്?

1B2A23079

(Pages : 1)

Reg. No:.........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Malayalam Degree Examination, April 2023**

**BML2C02 – Kerala Padanam – Madhykala Keralam**

(2022 Admission onwards)

Time: 1 ½ hours

Max. Marks : 40

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. ഊരാളർ എന്നാൽ എന്ത്?
2. മണിപ്രവാളം എന്നാൽ എന്ത്?
3. കൃഷ്ണഗാഥ രചിച്ചതാര്? അതിന്റെ ഇതിവൃത്തമെന്ത്?
4. മണ്ണാപ്പേടി എന്നാൽ എന്ത്?
5. സ്മാർത്തവിചാരം എന്നാൽ എന്ത്?
6. രേവതി പട്ടത്താനം എന്നാൽ എന്ത്?

(6 x 2= 12 പരമാവധി 10 മാർക്ക്)

**II. താഴെപ്പറയുന്നവയെക്കുറിച്ച് ഒരു ഖണ്ഡികയിൽ കവിയാതെ കുറിപ്പെഴുതുക.**

7. അറയ്ക്കൽ രാജവംശം
8. ജന്മിത്തം
9. വടക്കൻപാട്ട്
10. ദേവദാസി സമ്പ്രദായം
11. കടവല്ലൂർ അന്യോന്യം
12. കളരി

(6 x 4= 24 പരമാവധി 20 മാർക്ക്)

**III. ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

13. കേരളസംസ്കാരത്തിന് ഇസ്ലാംമതം നൽകിയ സംഭാവനകളെക്കുറിച്ച് ഉപന്യസിക്കുക.
14. തെയ്യം. മുടിയേറ്റ്, പടയണി മുതലായ അനുഷ്ഠനകലകളെ പരിചയപ്പെടുത്തുക

(1 x 10 = 10 മാർക്ക്)